# സത്യാന്വേഷണങ്ങളിലെ അഗ്നിപരീക്ഷകൾ

കെ.ജി. പൗലോസ്

ഗാന്ധിജി ജനിച്ചിട്ട് 150 വർഷം തികയുന്നു; കൊല്ലപ്പെട്ടിട്ട് 71 വർഷവും. അദ്ദേഹത്തെ നേരിട്ട് കണ്ട് പുളകിതരായവർ ഇന്നത്തെ തലമുറയിൽ കുറയും. എങ്കിലും, ഭാഗ്യവശാൽ നമുക്കുവേണ്ടി തന്റെ ചിന്തകളും കാഴ്ചകളും കൃത്യമായി അദ്ദേഹം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. 48000 പേജുകളിൽ 98 വാല്യങ്ങളിലായി അവ പരന്നുകിടക്കുന്നു. സൂര്യന് കീഴിലുള്ള എല്ലാറ്റിനേയും പറ്റി ഗാന്ധിജി ദീർഘമായ തന്റെ പൊതുജീവിതത്തിൽ പ്രതികരിച്ചിട്ടുണ്ട്. സൈദ്ധാന്തികമായിട്ടല്ല, സ്വാനുഭവങ്ങളോട് ബന്ധപ്പെടുത്തിയാണ് ഗാന്ധിജി പ്രതികരിച്ചത്. ആർക്കും ഏതുവിഷയത്തേപ്പറ്റിയും ഗാന്ധിസാഹിത്യത്തിൽനിന്ന് ഉദ്ധരിക്കാൻ കഴിയുമെന്നതാണ് അതിന്റെ ഗുണം. മറ്റൊന്നുകൂടിയുണ്ട്. പലവിഷയത്തേപ്പറ്റിയും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കാലാനുസൃതമായി മാറിയിട്ടുണ്ട്. ഉദാഹരണത്തിന് വർണ്ണാശ്രമധർമ്മത്തെപ്പറ്റി ആദ്യകാലത്തുണ്ടായിരുന്ന ചിന്തയ്ക്ക് പിൽക്കാലത്ത് മാറ്റം വന്നിട്ടുണ്ട്. അതിനെപ്പറ്റി വിമർശനമുയരുമ്പോൾ മഹാത്മാവ് പറയുക ആദ്യത്തേത് തെറ്റായിരുന്നു എന്നല്ല; താൻ ശരിയിൽ നിന്ന് കൂടുതൽ ശരിയിലേയ്ക്ക് വളർന്നുകൊണ്ടിരിക്കുന്നു എന്നാണ്. ഗാന്ധിജിയുടെ കടുത്ത എതിരാളികൾക്ക് പോലും തങ്ങളുടെ ചിന്തകളെ സാധൂകരിക്കാൻ അദ്ദേഹത്തെത്തന്നെ ഉദ്ധരിക്കാൻ കഴിയുന്നത് അതുകൊണ്ടാണ്.

## 1

ഗാന്ധിചിന്തകളുടെ ജൈവമായ വളർച്ചയെപ്പറ്റി പഠിക്കണമെങ്കിൽ അദ്ദേഹം ജീവിച്ച കാലഘട്ടത്തെപ്പറ്റി കൂടുതൽ അറിയേണ്ടതുണ്ട്. 1915-ലാണ് ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്. അന്നദ്ദേഹത്തിന് വയസ്സ് 46. ദക്ഷിണാഫ്രിക്കയിലെ 20 വർഷത്തെ പൊതുപ്രവർത്തനത്തിന്റെ മൂലധനം അപ്പോഴദ്ദേഹത്തിനുണ്ടായിരുന്നു. പൊതുരംഗത്ത് ഉയർന്നനിലയിലുള്ളവർക്ക് അതറിയാമായിരുന്നു, എങ്കിലും ഇന്ത്യയിലെ സാധാരണക്കാർക്ക് അന്ന് അദ്ദേഹം അത്ര പരിചിതനായിരുന്നില്ല.

ഇന്ത്യ ഭരിക്കുന്നത് വിദേശികളാണെങ്കിലും പ്രാദേശികഭരണം അറുന്നൂറിലധികം വരുന്ന നാടുവാഴികളിൽ നിക്ഷിപ്തമായിരുന്നു. സമൂഹത്തിലെ സുഖശീതളമായ ഒരു സുരക്ഷിതതല (comfort zone) ത്തിലായിരുന്നു അവർ വിഹരിച്ചിരുന്നത്. വിദേശികൾക്ക് ദാസ്യവൃത്തിചെയ്ത് അവർ ആവശ്യപ്പെടുന്നതൊക്കെ ചെയ്തുകൊടുക്കുക എന്നതായിരുന്നു അവരുടെ ഔദ്യോഗികദൗത്യം. അവരാണ്, ചുവന്ന പരവതാനിവിരിച്ച് ഒരു കച്ചവടക്കമ്പനിയെ ഇന്ത്യയിൽ അധികാരത്തിലിരുത്തിയത്. മൂക്കിനപ്പുറം കാണാൻ കഴിയാതിരുന്ന ഈ മൂഢമതികൾക്ക് ദേശീയബോധമോ ഇന്ത്യ എന്ന സങ്കല്പം പോലുമോ ഉണ്ടായിരുന്നില്ല. പുരോഹിതർ മെനഞ്ഞെടുത്ത, സൂര്യനിൽനിന്നും ചന്ദ്രനിൽനിന്നുമൊക്കെയുള്ള തങ്ങളുടെ ഉല്പത്തിക്കഥകൾ കേട്ട് രസിച്ച് മയങ്ങിയിരുന്ന അവർ വിദേശമേൽക്കോയ്മയിൽ സംതൃപ്തരായിരുന്നു. അറിവും കാര്യക്ഷമതയുമുള്ള ചിലരെങ്കിലും ഉണ്ടായിരുന്നു ഈ നാടുവാഴികൾക്കിടയിൽ. അവിടെയും ഉപജാപസംഘങ്ങൾക്കായിരുന്നു ഭരണത്തിന്റെ നിയന്ത്രണം.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ചിട്ട് (1885) മൂന്നു ദശകമെത്തിയിരുന്നു, അപ്പോൾ. സായിപ്പിന് നേരം പോക്കാനുള്ള ഒരു കൂട്ടായ്മ മാത്രമായിരുന്നു ആദ്യം അത്. ബിലാത്തിയിൽ പോയി പഠിച്ചുവന്നവരായിരുന്നു കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. സ്വാതന്ത്ര്യമെന്നോ സ്വരാജ്യമെന്നോ ഉള്ള സങ്കല്പംപോലും ഉണ്ടായിരുന്നില്ല അവർക്കിടയിൽ. അതു രൂപീകരിക്കാനുള്ള

യോഗത്തിലേയ്ക്കുള്ള ക്ഷണത്തിലെ ഒരു നിബന്ധന ഇംഗ്ലീഷ് അറിയാവുന്നവർ മാത്രം പങ്കെടുത്താൽ മതി എന്നായിരുന്നു!

ഇന്ത്യയിലെ ഈ സാഹചര്യങ്ങൾ വിലയിരുത്തിയ ഗാന്ധിജിക്ക് മനസ്സിലായി, ആകെ അഴിച്ചുപണിയാതെ തനിക്കിവിടെ ഒന്നും ചെയ്യാനാകുകയില്ലെന്ന്. ഇന്ത്യയിലെ മൊത്തം ജനങ്ങളുടെ പ്രാതിനിധ്യം നേടാതെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തോട് പൊരുതാൻ കഴിയില്ല. കോൺഗ്രസ്സിനെ ബഹുജനസംഘടനയാക്കുകയാണ് ആദ്യം വേണ്ടത്. അതിനുള്ള ശ്രമങ്ങളാണ് ഗാന്ധിജി ആരംഭിച്ചത്. മുസ്ലീം സമൂഹം കോൺഗ്രസ്സിൽ നിന്നകന്ന് നിൽക്കുകയാണ്. അവരെ കോൺഗ്രസ്സിലേയ്ക്കടുപ്പിക്കാനാണ് 1921-ൽ ഖിലാഫത്ത് പ്രശ്നം കോൺഗ്രസ്സ് ഏറ്റെടുത്തത്. ഒന്നാംലോക മഹായുദ്ധത്തിന് ശേഷം ബ്രിട്ടൻ തുർക്കിയിലെ സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കിയത് യഥാസ്ഥിതിക മുസ്ലീങ്ങളിൽ അസ്വസ്ഥത ഉളവാക്കിയിരുന്നു. അതിനെ മുതലെടുത്ത് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരായ സമരത്തിലേയ്ക്ക് മുസ്ലീംങ്ങളെ ആകർഷിക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. സമൂഹത്തിലെ വലിയൊരു വിഭാഗം മ്ലേച്ഛരെന്ന് മുദ്രകുത്തി സനാതനികൾ അകറ്റിനിർത്തിയിരുന്ന തീണ്ടൽ ജാതിക്കാരായിരുന്നു. ആ വിഭാഗത്തെ ആകർഷിക്കാനായിരുന്നു അയിത്തത്തിനെതിരായ സമരം ഗാന്ധിജി ഏറ്റെടുത്തത്. അസമത്വങ്ങൾ പരിഹരിച്ച് സമൂഹത്തെ പരിഷ്കരിക്കുകയായിരുന്നു ലക്ഷ്യം. വൈയ്ക്കത്തെ വഴിനടക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള സമരത്തിന് കോൺഗ്രസ് പിന്തുണ നൽകിയത് ഈ പശ്ചാത്തലത്തിലായിരുന്നു.

സാധാരണ ജനങ്ങൾ കോൺഗ്രസ്സിലേയ്ക്ക് അടുത്തുതുടങ്ങിയപ്പോൾ ദക്ഷിണാഫ്രിക്കയിൽ താൻ പരീക്ഷിച്ച സത്യഗ്രഹം എന്ന സമരായുധം ഗാന്ധിജി പരീക്ഷിച്ചു. ഗണേശോത്സവം പോലുള്ള മതപരമായ ചിഹ്നങ്ങൾക്ക് പകരം പൊതുചിഹ്നങ്ങൾ ആവിഷ്കരിച്ചു - ഖാദി, ചർക്ക, തക്ളി, ഹിന്ദി തുടങ്ങിയവ. ഭൂമിശാസ്ത്രപരമായ അതിർത്തികളല്ല ദേശത്തെ നിർവചിക്കുന്നത്, അതൊരു വികാരമാണ്. ദേശീയത എന്ന പുതിയൊരു വികാരം ഭാരതീയനിൽ വളർത്തിയെടുക്കാനാണ് സാമ്രാജ്യത്വത്തെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ട് വിദേശവസ്തുക്കൾ ബഹിഷ്ക്കരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തത്. ഇതിന്റെ ഏറ്റവും ഉയർന്ന രൂപമായിരുന്നു 1930-ലെ ഉപ്പുസത്യാഗ്രഹവും ദണ്ഡിയാത്രയും. ഇന്ത്യ മുഴുവൻ ഇളകി. ഗാന്ധിജിയെ കാണുന്നതിനും ഒന്ന് തൊടുന്നതിനും ആയിരങ്ങൾ തടിച്ചുകൂടി. 1932-ൽ ഇന്ത്യയുടെ ഭാവികാര്യങ്ങളെപ്പറ്റി ആലോചിക്കാൻ ബ്രിട്ടീഷ് ഗവണ്മേന്റ് വിളിച്ചുകൂട്ടിയ രണ്ടാം വട്ടമേശസമ്മേളനത്തിൽ അർദ്ധനഗ്നനായി കടന്നുചെന്ന ഗാന്ധിജി പ്രഖ്യാപിച്ചു - 'I represent all of India'. സാമ്രാജ്യത്വം മാത്രമല്ല, ലോകം മുഴുവൻ അതുകേട്ടു. 'ഇന്ത്യയ്ക്ക് ഒരു നാവുണ്ടായിരിക്കുന്നു. മഹാത്മാവാണ് ഇന്ത്യയുടെ ശബ്ദം.'

ഗാന്ധിജി ഇന്ത്യയിലെ കാര്യങ്ങളിലിടപെടാൻ തുടങ്ങിയിട്ട് രണ്ടുദശകമേ ആയിട്ടുള്ളു. തമ്മിൽത്തല്ലുന്ന നാടുവാഴികളും, പരസ്പരവിശ്വാസമില്ലാത്ത മതസംഘടനകളും, പൊതുവഴികളിൽ നിന്നുപോലും അകറ്റിനിർത്തപ്പെട്ട ചണ്ഡാളരും അടങ്ങിയ ഈ മഹാരാജ്യം ഒറ്റനാവിൽ സാമ്രാജ്യത്തോട് കല്പിക്കാൻ പക്വത നേടി, ചെറിയ ഇക്കാലത്തിനിടയിൽ. 'എന്റെ ശബ്ദം ഇന്ത്യയുടെ ശബ്ദം' എന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്താൻ ഗാന്ധിജിക്ക് സാധിച്ചു. ഈ സാദ്ധ്യതയിലാണ് നാടിന്റെ സ്വാതന്ത്ര്യപ്രതീക്ഷകൾ വിരിഞ്ഞത്.

## 2

ഗാന്ധിജിയുടെ അവകാശവാദത്തെ ഒരാൾ അംഗീകരിച്ചില്ല - ഡോ. ബി.ആർ. അംബേദ്കർ. ഭാരതത്തിലെ അടിച്ചമർത്തപ്പെട്ട(depressed class)വരുടെ പ്രതിനിധി താനാണെന്നും അവരെ പ്രതിനിധാനം ചെയ്യാൻ ഗാന്ധിജിക്ക് എന്തധികാരം എന്നുമായിരുന്നു അംബേദ്ക്കറുടെ ചോദ്യം.

ബ്രിട്ടീഷ് പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച അതേ സമ്മേളനത്തിൽതന്നെ അംബേദ്കർ തന്റെ വിയോജിപ്പ് പ്രകടിപ്പിച്ചു. അതിന്റെ പശ്ചാത്തലം ഇതായിരുന്നു.

ഇന്ത്യയിലെ ഭരണസംവിധാനത്തിൽ ഭാരതീയർക്ക് നൽകേണ്ട പങ്കാളിത്തത്തെക്കുറിച്ച് അംബേദ്കർ ഒരു നയരേഖ സമർപ്പിച്ചിരുന്നു. തെരഞ്ഞെടുപ്പിൽ എല്ലാവർക്കും ഒരുപോലെ വോട്ടവകാശമുള്ള പൊതുമണ്ഡലങ്ങൾ ഉണ്ടാകണം. ഇതോടൊപ്പം മുസ്ലീം, സിക്ക്, ദളിതർ എന്നിവർക്ക് നിശ്ചിതമായ സംവരണമണ്ഡലങ്ങളുമുണ്ടാകണം. അതത് വിഭാഗങ്ങളിൽപെട്ടവർക്കുമാത്രമേ അതിൽ വോട്ട് ചെയ്യാൻ അവകാശമുള്ളൂ. പത്തുവർഷത്തേയ്ക്ക് മാത്രമാണ് ഈ പ്രത്യേക സംവിധാനം. അംബേദ്ക്കറുടെ വിശദീകരണമിതായിരുന്നു – പൊതുമണ്ഡലത്തിലെ വോട്ടവകാശം ദളിതന് സ്വേച്ഛാശക്തി പ്രകടിപ്പിക്കാൻ സഹായകമാകില്ല. എണ്ണത്തിൽ അവർ വളരെ കുറവായിരിക്കുമല്ലോ. എന്നാൽ പ്രത്യേക മണ്ഡലങ്ങൾ ഉണ്ടെങ്കിൽ രാഷ്ട്രീയശക്തിയാകാനും സ്വത്വശക്തി പ്രകാശിപ്പിക്കാനും ദളിതർക്ക് കഴിയും. അത് ജനാധിപത്യ സംവിധാനത്തിൽ ഫലപ്രദമായി ഇടപെടാൻ ദളിതനെ ശക്തനാക്കും. മുസ്ലീമിനും സിക്കുകാരനും പ്രത്യേകം മണ്ഡലം നൽകുന്നതിനെ ഗാന്ധിജി അനുകൂലിച്ചു, എന്നാൽ ദളിതന് നൽകുന്നതിനെ അതിശക്തിയായി എതിർത്തു. ചരിത്രപരമായൊരു കാരണം ഉണ്ട് ഈ എതിർപ്പിന് പിന്നിൽ. അത് ജനസംഖ്യയുമായി ബന്ധപ്പെട്ടതാണ്.

ഇന്ത്യയിൽ ആദ്യമായി ശാസ്ത്രീയരീതിയിൽ സെൻസസ് ഏർപ്പെടുത്തിയത് ബ്രിട്ടീഷുകാരാണ്. 1881–ലായിരുന്നു ആദ്യത്തെ കണക്കെടുപ്പ് പൂർത്തിയായത്. ഓരോ പത്തുവർഷവും അന്നുമുതൽ ഇന്ത്യയിൽ സെൻസസ് നടക്കുന്നുണ്ട്. 1891 ലെ കണക്കെടുപ്പിലാണ് ഇന്ത്യയിലെ മതങ്ങളെപ്പറ്റി വിചിത്രമായ, എന്നാൽ ദൂരവ്യാപകഫലങ്ങളുണ്ടാക്കുന്ന, ഒരു നടപടി ഉണ്ടായത്. അത് ബോധപൂർവമായിരുന്നോ അതോ കണക്കപ്പിള്ളയുടെ അലസതാവിലസിതമായിരുന്നോ എന്നറിയില്ല. കൃത്യമായി അറിയാവുന്ന മുസ്ലീം, സിക്ക് തുടങ്ങിയ വിഭാഗങ്ങളെ എണ്ണിയശേഷം, ബാക്കിയുള്ളതൊക്കെ ഹിന്ദു എന്നായിരുന്നു കണക്കെടുത്തവൻ എഴുതിച്ചേർത്തത്. (The Hindu was defined by *exclusion* as the large residuum that is not Sikh, Jain etc.) സനാതനധർമ്മം പിന്തുടരുന്നവരാണ് ഹിന്ദുക്കൾ. തങ്ങൾ അകറ്റിനിർത്തിയിരിക്കുന്ന കണ്ടാലറയ്ക്കുന്ന മ്ലേച്ഛരേയും വനവാസികളേയുമൊക്കെ ഹിന്ദുവെന്ന് വിളിച്ചത് ആദ്യമവർക്ക് രസിച്ചില്ല. എന്നാൽ അതിനിടെ മറ്റൊരു സംഭവമുണ്ടായി. ഭരണത്തിൽ തെരഞ്ഞെടുപ്പ് വഴി ഇന്ത്യക്കാർക്ക് പ്രാതിനിധ്യം നൽകുമ്പോൾ എണ്ണത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കിയ ചില മുസ്ലിം സംഘടനകൾ 1919–ൽ മിന്റോ–മോർലി പരിഷ്കരണക്കമ്മിറ്റിക്ക് മുൻപിൽ ഒരു നിവേദനം നൽകി. അധഃകൃതരായ അസ്പൃശ്യരെ ജനസംഖ്യയിൽ പ്രത്യേക വിഭാഗമാക്കണമെന്നും ഹിന്ദുക്കളുടെ ലിസ്റ്റിൽ അവരെ പെടുത്തരുതെന്നുമായിരുന്നു നിവേദനത്തിന്റെ ഉള്ളടക്കം. ഇത് ത്രൈവർണ്ണികരുടെ കണ്ണ് തുറപ്പിച്ചു. അങ്ങനെ വന്നാൽ മുസ്ലീങ്ങളെക്കാൾ താഴെയാകും ജനസംഖ്യയിൽ തങ്ങളുടെ സ്ഥാനം. അതുകൊണ്ട് വർണ്ണബാഹ്യരായ മ്ലേച്ഛർ തങ്ങളുടെ തന്നെ അവിഭാജ്യഭാഗമാണെന്ന് സ്ഥാപിക്കേണ്ടത് സനാതന ധർമ്മത്തിന്റെ നിലനിൽപിന്റെ പ്രശ്നമായി മാറി. ഇതുകൊണ്ടാണ് മറ്റുള്ളവർക്ക് സംവരണമണ്ഡലം അനുവദിക്കാം, ദളിതർക്കത് സാദ്ധ്യമല്ല എന്ന് ഗാന്ധിജി ശഠിച്ചത്. ദളിതർ ഹിന്ദുക്കളല്ല എന്നായിരുന്നു അംബേദ്ക്കറുടെ വാദം. അവർ ഹിന്ദുമതത്തിന്റെ അവിഭാജ്യഘടകമാണെന്ന് സ്ഥാപിക്കാനാണ് ഗാന്ധിജി ശ്രമിച്ചത്. തന്റെ അഭിപ്രായത്തെ അംബേദ്ക്കർ അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് ശുണ്ഠി എടുത്ത് ഗാന്ധിജി ഇറങ്ങിപ്പോയി ഇന്ത്യയിലേയ്ക്ക് കപ്പൽ കയറി.

ഒരുവർഷം കഴിഞ്ഞ് ബ്രിട്ടീഷ് ഗവണ്മേന്റിന്റെ തീരുമാനം വന്നു. ഇരുപത് വർഷത്തേയ്ക്ക് ദളിതർക്ക് പ്രത്യേകം മണ്ഡലം അംഗീകരിച്ചുകൊണ്ടായിരുന്നു ഉത്തരവിറങ്ങിയത്. ഗാന്ധിജി അപ്പോൾ പൂനയിൽ യെർവാദാ സെൻട്രൽ ജയിലിൽ ആയിരുന്നു. ഈ തീരുമാനം റദ്ദാക്കിയില്ലെങ്കിൽ താൻ മരണംവരെ നിരാഹാരം അനുഷ്ഠിക്കുമെന്ന് ഗാന്ധിജി പ്രഖ്യാപിച്ചു; ഒരുമാസം കഴിഞ്ഞ് നിരാഹാരം ആരംഭിക്കുകയും ചെയ്തു.

ഇന്ത്യയെ മാത്രമല്ല, ലോകത്തെയാകെ ഉത്കണ്ഠയുടെ മുൾമുനയിൽ നിർത്തിയ നിരാഹാരമായിരുന്നു അത്. മഹാത്മാവിന്റെ ജീവൻ നിലനിർത്തുന്നതിനുള്ള പ്രാർത്ഥനകളായിരുന്നു എവിടെയും. ആ ജീവിതം പൊലിഞ്ഞാൽ അതിനുത്തരവാദി അംബേദ്കറായിരിക്കുമെന്നായി മറ്റുള്ളവർ. ഗാന്ധിജിക്കെന്തിനാണിത്ര ശാഠ്യം എന്ന് ആരും ചോദിച്ചില്ല. അവസാനം, ഗത്യന്തരമില്ലാതെ, കടുത്ത സമ്മർദ്ദത്തിന് വിധേയനായി, അംബേദ്ക്കർ 1932 സെപ്തംബർ 24 ന് പൂനാക്കരാറിൽ ഒപ്പിട്ടു; പണ്ഡിറ്റ് മദൻമോഹൻ മാളവ്യ ആയിരുന്നു ഗാന്ധിജിക്കുവേണ്ടി ഒപ്പിട്ടത്. പൂനാകരാറിന്റെ രാഷ്ട്രീയം അംബേദ്കർ തിരിച്ചറിഞ്ഞു. ‘മ്ലേച്ഛന്മാർക്ക് ഭരണസമിതികളിൽ അവസരം തരാം, എന്നാൽ ആരവിടെ പോകണമെന്ന് ഞങ്ങൾ തീരുമാനിക്കും’ എന്ന സവർണ്ണശാഠ്യത്തിന് വഴങ്ങുകയായിരുന്നു മഹാത്മാവ്. പിന്നീടുള്ള ചരിത്രത്തിൽ ഉണങ്ങാത്ത മുറിവുണ്ടാക്കി ഈ കരാർ. ഇന്ത്യയുടെ ഭാവിയേപ്പറ്റിയും ദളിതവിമോചനത്തെപ്പറ്റിയും അംബേദ്ക്കർക്കുണ്ടായിരുന്ന പ്രതീക്ഷകൾ അതോടെ തകർന്നു.

മഹാത്മാവിന്റെ പല ശാഠ്യങ്ങളും അങ്ങനെയാണ്. വൈക്കം സത്യാഗ്രഹത്തിന് ഗാന്ധിജിയുടെ പിൻതുണയുണ്ടായിരുന്നു. വഴിനടക്കാനുള്ള സ്വാതന്ത്ര്യം എന്ന മനുഷ്യാവകാശപ്രശ്നമായിട്ടാണ് കേരളീയർ സമരത്തെ കണ്ടത്. ജാതിമതചിന്തകളില്ലാതെ സർവ്വരുമതിൽ പങ്കെടുത്തു. കോൺഗ്രസ്സിന്റെ ചടുലനായ നേതാവ് ജോർജ് ജോസഫ് തുടക്കം മുതലേ ഊർജ്ജസ്വലനായി മുൻപിലുണ്ടായിരുന്നു. ഗാന്ധിജി ഇടപെട്ട് അദ്ദേഹത്തെ വിലക്കി. അയിത്തത്തെ മനുഷ്യാവകാശപ്രശ്നമായിട്ടല്ല, ഹിന്ദുമതത്തിലെ അനാചാരമായിട്ടാണ് അദ്ദേഹം കണ്ടത്. അതുപരിഹരിക്കാൻ മറ്റാരും വരേണ്ടതില്ല. പിൽക്കാലത്ത് ഗാന്ധിജി അബേദ്കറോട് സ്വീകരിച്ച നിലപാടും ഇതുതന്നെയാണ്.

3

കേരളത്തോട് ബന്ധപ്പെട്ട മറ്റൊരു ഗാന്ധിസ്മരണകൂടി ഉദ്ധരിക്കട്ടെ. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ തിരുവിതാംകൂർ ഭരിച്ചിരുന്നത് ചിത്തരതിരുനാൾ ആണ്. സി.പി. രാമസ്വാമിഅയ്യരായിരുന്നു ദിവാൻ. നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യൻ യൂണിയനിൽ ലയിക്കുകയോ സ്വതന്ത്രരായി നിൽക്കുകയോ ചെയ്യാൻ അവകാശമുണ്ടായിരുന്നു. നൈസാമിന്റെ സഹായത്തോടെ, ഉണ്ടാകാൻ പോകുന്ന പാക്കിസ്ഥാനുമായി നയതന്ത്രങ്ങൾ സ്ഥാപിച്ച് തിരുവിതാംകൂർ സ്വതന്ത്രരാജ്യമായി നിലനിർത്താൻ ദിവാൻ ആലോചനകൾ തുടങ്ങി. സി.പി.ക്കെതിരെ ‘അമേരിക്കൻ മോഡൽ അറബിക്കടലിൽ’ എന്ന് വിളിച്ച് സമരം ചെയ്ത അനേകരെ പുന്നപ്ര വയലാറിൽ ചുട്ടുകൊന്നതിന്റെ ധാർഷ്ട്യവുമുണ്ടായിരുന്നു ഈ തീരുമാനത്തിന് പിന്നിൽ. 1947 ജൂൺ 11ന്, ഇംഗ്ലീഷുകാർ ഇന്ത്യ വിട്ടാൽ അന്നുമുതൽ തിരുവിതാംകൂർ സ്വതന്ത്രരാജ്യമായിരിക്കുമെന്ന് സർ. സി.പി. പ്രഖ്യാപിച്ചു. ഒരുമാസം കഴിഞ്ഞ് ജൂലായ് 11ന് ‘ആഗസ്റ്റ് 15 മുതൽ തിരുവിതാംകൂർ സ്വതന്ത്രപരമാധികാര രാജ്യമായിരിക്കും’ എന്ന് മഹാരാജാവ് റേഡിയോവിലൂടെ ജനങ്ങളെ അറിയിച്ചു. അങ്ങനെ ഇന്ത്യയിൽ നിന്ന് വേർപെട്ട് സ്വതന്ത്രരാജ്യമായി തിരുവിതാംകൂറിനെ നിലനിർത്താനുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയായി.

തുടർന്നുള്ള കാര്യങ്ങൾ നടന്നത് പെട്ടെന്നാണ്. രണ്ടാഴ്ചക്കുള്ളിൽ, ജൂലായ് 25ന് തിരുവനന്തപുരം സംഗീതകോളേജിൽ ഒരു പരിപാടിയിൽ പങ്കെടുക്കേ ദിവാന് വെട്ടേൽക്കുകയും തലനാരിഴവിടവിൽ ജീവൻ രക്ഷപ്പെടുകയും ചെയ്തു. അഞ്ച് ദിവസത്തിനുള്ളിൽ 30ന് ചിത്തിരതിരുനാൾ ഇന്ത്യൻ യൂണിയനിൽ ചേരാനുള്ള സമ്മതം മൗണ്ട്ബാറ്റനെ അറിയിക്കുകയും തിരുവിതാംകൂർ ഇന്നുകാണുംപോലെ ഇന്ത്യൻയൂണിയന്റെ ഭാഗമായിത്തീരുകയും ചെയ്തു. സർ. സി.പി. ദിവാൻസ്ഥാനം രാജിവെച്ച് കേരളം വിട്ടു.

ഇതെല്ലാം നടക്കുമ്പോൾ ഗാന്ധിജി കൽക്കത്തയിലായിരുന്നു. ആഗസ്റ്റ് 27ന് കൽക്കത്തയിൽ നന്ന് സി.പി.ക്ക് ഗന്ധിജി ഒരു കത്തെഴുതി, വൈകിയതിന് ക്ഷമാപണത്തോടെ. 'തിരുവിതാംകൂറിനെപ്പറ്റിയുള്ള നിങ്ങളുടെ നിലപാടുകളെക്കുറിച്ച് എനിക്ക് ആശയക്കുഴപ്പമുണ്ടായിരുന്നു. നിങ്ങൾക്കുണ്ടായ അപകടത്തെപ്പറ്റി നിസ്സാരമെന്നാണ് ഞാൻ ധരിച്ചത്. കൃഷ്ണയും മണിബെനും ഇപ്പോഴാണെന്റെ കണ്ണുതുറപ്പിച്ചത്. അത് ഗൗരവമായ ഒരു ആക്രമണമായിരുന്നെന്ന് ശരിക്കു ധരിക്കാതിരുന്നത് എന്റെ തെറ്റ്. എന്നോട് ക്ഷമിക്കുക.'

ഗാന്ധിജി ഇങ്ങനെ ഒരു കത്തയക്കാൻ എന്താവാം കാരണം? ഔപചാരികമായ അനുശോചനത്തിന് മാത്രമുള്ള അടുപ്പം അവർതമ്മിലുണ്ടെന്ന് തോന്നുന്നില്ല. കേരളത്തിലെ ജനങ്ങൾ തിരുവിതാംകൂർ രക്ഷപ്പെട്ടതോർത്തു ഉള്ളിൽ ആഹ്ളാദിക്കുകയാണിക്കാര്യത്തിൽ എന്നദ്ദേഹത്തിന് അറിയായ്കയല്ല. ഇനി, ഞാനറിഞ്ഞല്ല ഇത്തരം ഹിംസാപ്രവർത്തനങ്ങൾ നടന്നത് എന്ന് കൈയ്യൊഴിയാനായിരിക്കുമോ, വൈകിയൊരു കത്തയച്ചത്? എന്തായിരുന്നു മഹാത്മാവിന്റെ മനസ്സിലെന്ന് നമുക്കറിഞ്ഞുകൂടാ. അങ്ങനെ പെട്ടെന്ന് പിടിതരുന്നതല്ല ആ മനസ്സ്.

## 4

മഹാത്മാവിന്റെ മനസ്സിന്റെ സങ്കീർണ്ണതകൾ അവിടെ നിൽക്കട്ടെ, പ്രവൃത്തികളിലെ നിഗൂഢതകളും. നാമിന്നുജീവിക്കുന്ന ഭാരതം അദ്ദേഹം നമുക്ക് നൽകിയതാണ്. അദ്ദേഹം എന്ന് പറയുമ്പോൾ അദ്ദേഹം പ്രചോദനം നൽകിയ ആയിരക്കണക്കിന് സ്വാതന്ത്ര്യപ്പോരാളികൾ. എന്തായിരിക്കണം ഈ രാഷ്ട്രം എന്നദ്ദേഹം കൃത്യമായി നിർവചിച്ചിട്ടുണ്ട്.

> ' Hindustan belongs to all those who are born and bred here and who have no other country to look to. Therefore, it belongs to Parsis, Beni Israels, to Indian Christians, Muslims and other non-Hindus as much as to Hindus. Free India will not be a Hindu *raj*; it will be an Indian *raj* based not on the majority of any religious sect or community, but on the representatives of the whole people without distinction of religion...'

ഇതാണ് രാഷ്ട്രപിതാവ് നമുക്ക് നൽകിയ ഒസ്യത്ത്; നാമതിനെ മുറുകെ പിടിക്കുക!

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.